


# ദുഃഖം സന്തോഷമായി മാറും

(ഏശയ്യാ 49:13 – 23; ശ്ലീഹാ 8:14 – 25; എഫേ. 2:1 – 7; യോഹ. 16:16 – 22)

ബ്ര. റോബിൻ തറയിൽ

Vol. 11, Issue: 54

**ഈ**ശോയുടെ ഉത്ഥാനരഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കുന്ന ഉയിർപ്പുകാലത്തിലെ നാലാം ഞായറാഴ്ചയായ ഇന്ന് തിരുസഭാമാതാവ് വിചിന്തനത്തിനായി നമുക്ക് നൽകുന്ന വചനഭാഗം യോഹന്നാന്റെ സുവിശേഷം 16:16–24 ആണ്. ഈശോയുടെ അന്ത്യപ്രഭാഷണത്തിന്റെ അവസാനഭാഗമാണ് ഈ തിരുവചനങ്ങൾ. യോഹ. 16:21, "നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും." ശിഷ്യന്മാർക്ക് പ്രതീക്ഷയുടെ കിരണങ്ങൾ വീശിക്കൊണ്ട് അവരുടെ നിസ്സഹായാവസ്ഥയിൽ ഈശോ അവരോട് പറയുകയാണ് നിങ്ങൾക്ക് സന്തോഷം വരാൻ പോവുകയാണെന്ന്. തീർച്ചയായിട്ടും ഈശോയുടെ ഒരു വാഗ്ദാനമാണത്. ഉത്ഥിതനായ മിശിഹായോടൊപ്പം ജീവിക്കുന്ന നമ്മൾ നിരാശയിൽ കഴിയേണ്ടവരല്ല മറിച്ച്, സന്തോഷിക്കേണ്ടവരാണ്.

ചില സന്ദർഭങ്ങളിൽ നമ്മുടെ ജീവിതത്തിൽ സഹനങ്ങൾ കടന്നുവന്നേക്കാം. കാരണം സന്തോഷവും സഹനവുമെല്ലാം ജീവിതത്തിന്റെ ഭാഗമാണ്. എന്നാൽ സഹനത്തിനപ്പുറമുള്ള ദൈവാനുഗ്രഹം ദർശിക്കുമ്പോഴാണ് നാം യഥാർത്ഥ വിശ്വാസികളാകുന്നത്. ബൈബിളിലൂടെ കടന്നുപോകുമ്പോൾ സഹനത്തിന്റെ ദൗത്യം പൂർത്തീകരിച്ച് ദൈവാനുഗ്രഹം പ്രാപിച്ചവരെ നമുക്ക് കാണാൻ സാധിക്കും.

യാക്കോബ് അനുഗ്രഹിക്കപ്പെട്ടത് സഹനത്തിന്റെ നീണ്ട വർഷങ്ങൾക്കു ശേഷമാണ്. ഇസ്രായേലിന്റെ ജീവിതത്തിലും ഇതു തന്നെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഈജിപ്തിലെ ക്രൂരമായ പീഡനങ്ങളും അടിമത്വവും തുടർന്നുള്ള സഹനജീവിതവും അവർക്ക് കാനാൻദേശം നേടിക്കൊടുത്തു. നമ്മുടെ വിശ്വാസജീവിതത്തിൽ തകർച്ചകൾ അല്ലെങ്കിൽ വിള്ളലുകൾ വരാതിരിക്കാനുള്ള ആദ്യത്തെ മാർഗ്ഗം എന്നു പറയുന്നത്, നമ്മുടെ ജീവിതത്തിലും ഓരോ സ

ഹനത്തിനപ്പുറത്ത് ദൈവാനുഗ്രഹം കാണുകയെന്നുള്ളതാണ്. ഈശോ തന്റെ ഉത്ഥാനരഹസ്യത്തിലൂടെ നമ്മെ പഠിപ്പിക്കുകയാണ് നിങ്ങളുടെ ദുഃഖം സന്തോഷമായി മാറുമെന്ന്. അതുകൊണ്ട് ജീവിതത്തിലെ സഹനങ്ങളും നൊമ്പരങ്ങളും വേദനകളും തെറ്റിദ്ധാരണകളും ദൈവാനുഗ്രഹത്തിന്റെ വഴികളാക്കി മാറ്റണം. അപ്പോൾ മാത്രമാണ് നമ്മുടെ ജീവിതത്തിലും യഥാർത്ഥമായ ഉത്ഥാനരഹസ്യം ആരംഭിക്കുന്നത്.

യോഹ. 16:22, ''നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽ നിന്ന് എടുത്തുകളയുകയില്ല.'' നമ്മുടെ ജീവിതത്തിലെ ആത്മീയ സന്തോഷം എടുത്തുകളയാൻ ആർക്കും സാധിക്കുകയില്ല. നമ്മുടെ ദുഃഖങ്ങൾ നമ്മുടെ തന്നെ സൃഷ്ടികളാണ്. ബാഹ്യമായി എന്തെല്ലാം തകർച്ചകളുണ്ടായാലും ആന്തരിക ആനന്ദം നഷ്ടപ്പെടാതെ നാം കാത്തുസൂക്ഷിക്കണം.

നമുക്കറിയാം, ക്രിസ്തീയജീവിതം അനുദിനം കുരിശെടുക്കുന്ന ജീവിതമാണ്. അതേ സമയം, അത് ആന്തരികസന്തോഷത്തിന്റെയും ജീവിതമാണ്. കാരണം, അത് ഈശോയോടൊത്തുള്ള ജീവിതമാണ്. ഇതു തന്നെയാണ് ജോബിന്റെ ജീവിതത്തിലും നമുക്ക് കാണാൻ കഴിയുന്നത്. നമ്മുടെ ജീവിതത്തിൽ എത് അവസ്ഥയിലും ആന്തരീക ആനന്ദം കണ്ടെത്തുവാൻ നമുക്ക് സാധിക്കണം.

ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്നു നാം വായിച്ചുകേട്ടു: ''പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകില്ല.'' ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചുള്ള ഏറ്റവും ഹൃദയസ്പർശിയായ തിരുവചനമാണിത്. ഇന്നത്തെ ലേഖനഭാഗത്ത് ഇതു തന്നെയാണ് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നത്. പിതാവായ ദൈവം നമ്മോടുള്ള സ്നേഹം പ്രകടമാക്കിയത് യേശുക്രിസ്തുവിലൂടെ രക്ഷ നമുക്ക് നേടിത്തന്നു കൊണ്ടാണ്.

യോഹ. 16:23, ''അന്ന് നിങ്ങൾ എന്നോടൊന്നും ചോദിക്കുകയില്ല. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്കു നൽകും.'' കർത്താവിന്റെ ഏറ്റവും ശക്തമായ ഒരു വാഗ്ദാനമാണിത്. നിങ്ങൾ ഇതുവരെ ഒന്നും ചോദിച്ചിട്ടില്ല എന്ന് അവിടുന്ന് പറയുന്നു. നമ്മുടെ പ്രാർത്ഥനകൾക്ക് അർത്ഥമുണ്ടെന്ന്, ഉത്തരമുണ്ടെന്ന് തിരിച്ചറിയുക.

സങ്കീ. 34:10, ''സിംഹക്കുട്ടികൾ ഇര കിട്ടാതെ വിശന്നുവലഞ്ഞേക്കാം. കർത്താവിനെ അന്വേഷിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാവുകയില്ല.'' അവ വെറും പാഴ്വാക്കുകളല്ല. മറിച്ച് ദൈവസന്നിധിയിൽ വിലയുള്ളതാണെന്ന് അറിയുക. കാരണം, ഇന്നും ജീവിക്കുന്ന ദൈവത്തോടാണ് നാം പ്രാർത്ഥിക്കുന്നത്. പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നില്ല എന്ന് നമുക്കു തോന്നാം. എന്നാൽ ഉത്തരം ലഭിക്കാൻ ദൈവത്തിന്റെ സമയം വരെ നാം കാത്തിരിക്കേണ്ടതായിട്ടുണ്ട്. ഇവിടെ ഈശോയുടെ വാക്കുകൾ ഓർക്കാം. ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കുക. ഈശോയുടെ കൂടെ നടക്കാനും ഈശോയുടെ അനുഗ്രഹം പ്രാപിക്കാനും വിളിക്കപ്പെട്ട വിശ്വാസികളായ നമുക്ക് ദൈവികമായ തിരിച്ചറിവിലേയ്ക്ക് വളരാം.

നമുക്കറിയാം, വിശുദ്ധ കുർബാന ഈശോയുടെ രക്ഷാകര രഹസ്യങ്ങളുടെ അനുസ്മരണമാണല്ലോ. അതുകൊണ്ട് ഈ ബലിയിൽ നമുക്ക് ഓർക്കാം, സഹനത്തിനപ്പുറം അനുഗ്രഹമുണ്ടെന്നും ആത്മീയ ആനന്ദം ആർക്കും എടുത്തുകളയാനാകില്ല എന്നും. പ്രാർത്ഥിച്ചാൽ അത് കർത്താവ് ഏറ്റെടുക്കും എന്ന അനുഭവത്തിലേയ്ക്ക് വളരാം. അവിടെയാണ് യഥാർത്ഥ ക്രൈസ്തവികതയുടെ ആത്മീയത ആരംഭിക്കുന്നത്.